"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊഴുതന ഗ്രാമപഞ്ചായത്ത് 2001-2002 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-1 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 813/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/03/2013

പരാമർശം:- 1) വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08/02/2011-ലെ എ 9-2694/07 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 23/05/2011-ലെ LFPT3/5106/2011 നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 07/01/2013-ലെ എം3-22473/10 നമ്പർ കത്ത്.

## ഉത്തരവ്

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിൽ നടത്തിയ വിവിധ പ്രവൃത്തികൾക്ക് ആവശ്യമായ 114 ബാരൽ ടാർ കൊച്ചിയിൽ നിന്ന് കൊണ്ടുവന്നതിന് നിലവിലുള്ള പി.ഡബ്ല്യു.ഡി നിരക്ക് അനുസരിച്ചുള്ളതിനേക്കാൾ അധികമായി നൽകിയ കൺവേയൻസ് ചാർജ്ജ് 5,243/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

പൊഴുതന ഗ്രാമപഞ്ചായത്തിൽ ജെ.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള വിവിധ റോഡു പണിക്ക് 114 ബാരൽ ടാർ കൊച്ചിയിൽ നിന്ന് കൊണ്ടുവരുന്നതിന് ലോറി കൂലിയായി നൽകിയ 17,710/- രൂപ ഒഴിവാക്കാനാവാത്ത ചെലവ് ആണ് എന്നും നൽകിയ തുക നിയമപ്രകാരമാണ് എന്നും ആയതിനാൽ അധികം ചെലവഴിച്ച 5,243/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നുമുള്ള 01/10/2010-ലെ V-ാം നമ്പർ ഗ്രാമപഞ്ചായത്ത് തീരുമാനം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ടാർ ബാരലുകളുടെ എണ്ണത്തിനനുസരിച്ചല്ല ലോറികളുടെ ട്രിപ്പുകളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ അംഗീകരിച്ച വാടകയുടെ നിരക്കനുസരിച്ചാണ് അധികം തുക ക്വട്ടേഷൻ പ്രകാരം നൽകിയത് എന്ന സെക്രട്ടറിയുടെ വാദത്തിന്റെയും ക്വട്ടേഷൻ വിളിച്ച് ഏറ്റവും

കുറഞ്ഞ നിരക്കിലാണ് ലോറി വാടക നൽകിയിട്ടുള്ളതെന്നും, പ്രസ്തുത വിഷയത്തിൽ പി.ഡബ്ല്യൂ.ഡി നിരക്ക് കണക്കാക്കി തുക നിരാകരിക്കുന്നത് പ്രായോഗികമല്ലെന്നും ഉള്ള കാരണത്താൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ 30/03/2011-ന് പൊഴുതന ഗ്രാമപഞ്ചായത്തിൽ നേരിട്ട് അന്വേഷണം നടത്തിയതിനുശേഷമുള്ള റിപ്പോർട്ട് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. കൊച്ചിയിൽ നിന്നും പൊഴുതനയ്ക്ക് ടാർ ബാരൽ കൊണ്ടുവരുന്നതിന് പിഡബ്ല്യൂഡി ഷെഡ്യൂൾഡ് നിരക്ക് അനുസരിച്ച് അംഗീകരിച്ചിട്ടുള്ള താലൂക്ക് തല കൺവേയൻസ് റേറ്റ് പ്രായോഗികമല്ലാത്ത സാഹചര്യം പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാലാണ് 114 ബാരൽ ടാർ കൊണ്ടുവരുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതെന്നും പൊഴുതന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/03/2002-ലെ 397/2002(1) നമ്പർ തീരുമാന പ്രകാരം ശ്രീ. വി.പി. ഹനീഫയുടെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും 01/02/2010-ലെ പൊഴുതന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ V-ാം നമ്പർ തീരുമാന പ്രകാരം JGSY പദ്ധതി പ്രകാരമുള്ള വിവിധ റോഡുകളുടെ പണിക്കായി 114 ബാരൽ കൊച്ചിയിൽ നിന്നും കൊണ്ടു വരുന്നതിനായി 17,710/- രൂപ നൽകിയത് ഒഴിവാക്കാനാവാത്ത ചെലവാണെന്നും ആയതിനാൽ അധികം ചെലവഴിച്ച 5,243/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1-ൽ തടസ്സപ്പെടുത്തിയ 5,243/- രൂപ ( അയ്യായിരത്തി ഇരുനൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) അധികം ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
സെക്രട്ടറി, പൊഴുതന ഗ്രാമപഞ്ചായത്ത് , വയനാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ